# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1277 03.12.2015-ൽ മറുപടി നൽകേണ്ടത്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

ചോദ്യം

ശ്രീ.ഇ.പി.ജയരാജൻ
,, കെ.രാധാകൃഷ്ണൻ
;, രാജു എബ്രഹാം
,, സി.കെ സദാശിവൻ

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടുണ്ടോ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി വിവിധ ഘട്ടങ്ങളായി നടത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാം ഘട്ടം 14 ജില്ലകളിലും പൂർത്തിയായിക്കഴിഞ്ഞു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെയായി എത്ര അപേക്ഷ ലഭിച്ചുവെന്നും എത്രപേർക്ക്ഭൂമി നൽകാനായി എന്നും അറിയിക്കുമോ; | പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ വിവിധതലത്തിലുള്ള അന്വേഷണം നടത്തി, 2,43,928 കുടുംബങ്ങൾ അർഹരായ ഭൂരഹിത കുടുംബങ്ങളായി കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഗുണഭോക്താക്കളിൽ നാളിതുവരെയായി 43,437 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചു കഴിഞ്ഞു. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ പട്ടയവിതരണം ചെയ്തവർക്ക് പോലും ഭൂമി കണ്ടെത്തി നൽകിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് ഭൂമി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; | പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ വിതരണം ചെയ്ത പട്ടയങ്ങളിൽ കോടതി കേസുകൾ മുഖേനയോ മറ്റ് തർക്കങ്ങൾ മുഖേനയോ, ചില ജില്ലകളിൽ ഭൂമി കൈമാറുന്നതിന് സാങ്കേതികമായി തടസ്സങ്ങൾ ഉണ്ടായവ, ഒഴിച്ചുള്ള കേസുകളിൽ ഭൂമി കൈമാറിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിക്കുവേണ്ടി അതാതിടങ്ങളിൽ തന്നെ ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിൽ തന്നെയുള്ള ഭൂമിയാണ് പദ്ധതി പ്രകാരം ഇതുവരെ അനുവദിച്ചത്. |
| (ഇ) | തോട്ടം ഉടമകൾ നിയമവിരുദ്ധമായി കൈയടക്കി വച്ചിട്ടുള്ള ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ; | നിയമവിരുദ്ധമായി കയ്യടക്കി വച്ചിട്ടുള്ള സർക്കാർ ഭൂമികൾ ശ്രദ്ധയിൽപ്പെട്ടതനുസരിച്ച് തിരിച്ചെടുക്കാനും പദ്ധതിക്കായി വിനിയോഗിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (എഫ്) | പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുക ചെലവഴിച്ചു; ഭൂമി വിലയ്ക്കു വാങ്ങാൻ തുക ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | പദ്ധതി പ്രവർത്തനങ്ങൾക്കു വേണ്ടി നാളിതുവരെ 7,81,40,091/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഭൂമി വിലയ്ക്കു വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടില്ല. |

C.K.V. Kunnu

**സെക്ഷൻ ഓഫീസർ**